**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

| | |
|---|---|
| **നക്ഷത്ര ചിഹ്നമിടാത്ത**<br>**ചോദ്യം നമ്പർ 6442** | **21.11.2019-ൽ**<br>**മറുപടിക്ക്** |

**<u>കന്യാകുളങ്ങര സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.സി. ദിവാകരൻ** | | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** | |
| എ) | നെടുമങ്ങാട് നിയോജക മണ്ഡലത്തിലെ കന്യാകുളങ്ങര സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | എ) | കന്യാകുളങ്ങര സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടത്തിന്റെ അടിസ്ഥാനം നിർമ്മിച്ചു കഴിഞ്ഞു. പാർശ്വഭിത്തിയുടെ നിർമ്മാണം 50% പൂർത്തിയായിട്ടുണ്ട്. |
| ബി) | പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്ന് വെളിപ്പെടുത്താമോ; ടി നിർമ്മാണ കരാർ കാലാവധി എന്നാണ് അവസാനിക്കുന്നതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ? | ബി) | 30.01.2019-ൽ ആരംഭിച്ച പ്രവൃത്തി കരാർ പ്രകാരം 29.01.2020-ൽ അവസാനിക്കേണ്ടതാണ്. എന്നാൽ നിർമ്മാണ സൈറ്റ് റോഡ് നിരപ്പിൽ നിന്നും ഉയർന്നു നിന്നതുകൊണ്ട് മണ്ണ്/പാറ എന്നിവ ഖനനം ചെയ്ത് മാറ്റുന്നതിന് അനുവാദം ലഭ്യമാക്കി മാറ്റാനുണ്ടായ 7 മാസത്തെ കാലതാമസം പരിഗണിച്ച് കരാർ കാലാവധി 6 മാസംകൂടി കൂട്ടി നൽകിയിട്ടുണ്ട്. 2020 ജൂലൈ അവസാനത്തോടുകൂടി നിർമ്മാണം പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ